# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1328 — 11.02.2016-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.ഷംസുദ്ദീൻ<br>,, കെ.എം.ഷാജി<br>,, പി.ബി.അബ്ദുൾ റസാക്<br>,, സി.മോയിൻകുട്ടി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കുവേണ്ടിയുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ ആവിഷ്കരിച്ചുവരുന്നു.<br>മേൽപ്പറഞ്ഞ പ്രവൃത്തികൾ ആറുമാസത്തിനകം പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) കൺസൾട്ടൻസി നിയമനക്കാര്യത്തിൽ നിലനിന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിൽ എന്തൊക്കെ അനുകൂല നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾറ്റന്റായ ഡി.എം.ആർ.സി.യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്-ഉം തമ്മിൽ 20.01.2016-ന് കരാർ ഒപ്പു വച്ചിട്ടുണ്ട്. |
| (സി) കൺസൾട്ടൻസി നിയമന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) ആകെ കരാർ തുക – 5.218കോടിരൂപ<br>കരാർ കാലാവധി – 9 മാസം<br>ഡി.എം.ആർ.സി. നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ<br>• ലൈറ്റ് മെട്രോ പ്രോജക്ടിന് ആവശ്യമായ സ്ഥലമെടുപ്പിന്റെ വിശദ വിവരങ്ങൾ തയ്യാറാക്കുക. |

- പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ളരൂപരേഖ തയ്യാറാക്കുക.
- ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപ രേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.
- ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപ കല്പനയും, ദർഘാസ് ക്ഷണിക്കുന്ന തിനാവശ്യമായ സാങ്കേതിക വിവരണ ങ്ങളും തയ്യാറാക്കുക.
- കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ കെ.ആർ.ടി.എല്ലിനെ സഹായിക്കുക.

**സെക്ഷൻ ഓഫീസർ**